**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2908** **22-01-2021 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ്, അടിമാലി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ മുഖേന നടത്തിയ താൽക്കാലിക-സ്ഥിര നിയമനങ്ങളുടെയും, ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികളുടേയും വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന 106 സ്ഥിരം നിയമനങ്ങളും, 381 താത്കാലിക നിയമനങ്ങളും ഉൾപ്പെടെ 487 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള സ്വയം തൊഴിൽ പദ്ധതിയായ 'ശരണ്യ' പദ്ധതി പ്രകാരം 498 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന 'കൈവല്യ' പദ്ധതി പ്രകാരം 85 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ടു നടപ്പിലാക്കുന്ന വ്യക്തിഗത-സംയുക്ത സ്വയംതൊഴിൽ പദ്ധതിയായ ‘കെസ്റു’ പദ്ധതി പ്രകാരം 21 ഉപഭോക്താക്കൾക്കും, മൾട്ടി പർപ്പസ്/ ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 2 ഉപഭോക്താക്കൾക്കും സ്വയംതൊഴിൽ ചെയ്യുന്നതിനുള്ള തുക അനുവദിച്ചിട്ടുണ്ട്. എംപ്ലോയ്മെന്റ് വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന സ്റ്റേറ്റ് വൊക്കേഷണൽ ഗൈഡൻസ് യൂണിറ്റ് ശാക്തീകരണ പദ്ധതി പ്രകാരം ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഉദ്യോഗാർത്ഥികൾക്കും വിദ്യാർത്ഥി കൾക്കുമായി വിവിധ സ്കൂൾ, കോളേജുകൾ കേന്ദ്രീകരിച്ച് കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, കരിയർ ടാക്ക്, മത്സര പരീക്ഷാ പരിശീലന പരിപാടികൾ തുടങ്ങിയവ ഈ കാലയളവിൽ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഉദ്യോഗാർത്ഥികൾക്ക് നൽകുന്ന സേവനങ്ങൾ ഉദ്യോഗാർത്ഥികളിൽ നേരിട്ട് എത്തിക്കുന്നതിനായി |

P.S.C ഫെസിലിറ്റേഷൻ സെന്ററും ഇടുക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇടുക്കിയിൽ കട്ടപ്പനയിൽ നഗരസഭ വിട്ടുനൽകിയ സ്ഥലത്ത് എംപ്ലോയബിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അടിമാലി ടൗൺ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന 99 സ്ഥിരം നിയമനങ്ങളും, 146 താത്കാലിക നിയമനങ്ങളും ഉൾപ്പെടെ 245 നിയമനങ്ങളും നടത്തിയിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അടിമാലി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള നിരാലംബരായ സ്ത്രീകൾക്കായുള്ള സ്വയംതൊഴിൽ പദ്ധതിയായ 'ശരണ്യ' പദ്ധതി പ്രകാരം 162 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന 'കൈവല്യ' പദ്ധതി പ്രകാരം 65 ഉപഭോക്താക്കൾക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ ചെയ്യുന്നതിന് ബാങ്കുമായി ബന്ധപ്പെട്ട നടപ്പിലാക്കുന്ന വ്യക്തിഗത/ സംയുക്ത സ്വയംതൊഴിൽ പദ്ധതിയായ ‘കെസ്റ്റു’ പദ്ധതി പ്രകാരം 15 ഉപഭോക്താക്കൾക്കും, മൾട്ടി പർപ്പസ്/ ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 2 ഉപഭോക്താ ക്കൾക്കും സ്വയംതൊഴിൽ ചെയ്യുന്നതി നുള്ള തുക അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ 112 ഉദ്യോഗാർത്ഥി കൾക്ക് P.S.C പരിശീലനം നൽകിയിട്ടുണ്ട് കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും പേപ്പർരഹിത ഓഫീസു കളാക്കുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പി ലാക്കിയ ഇ-ഓഫീസ് പദ്ധതി ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടിമാലി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നുള്ള എല്ലാ സേവനങ്ങളും ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുവേണ്ടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലന്വേഷകരുടെ വിവരം ഡിജിറ്റലൈസ് ചെയ്ത് www.eemployment.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ വികസിപ്പിക്കുകയും ആയതിന്റെ സേവനം ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടിമാലി ടൗൺ എംപ്ലോയ്മെന്റ്

| | | | |
|---|---|---|---|
| | | | എക്സ്ചേഞ്ച് എന്നീ കാര്യാലയ ങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥി കൾക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതിയും, ആയതിലൂടെ നൽകിയ ആനുകൂല്യങ്ങളും സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ? | (ബി) | കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന 'ശരണ്യ' പദ്ധതി പ്രകാരം 2,49,00,000/- (രണ്ട് കോടി നാൽപ്പത്തിയൊൻപത് ലക്ഷം രൂപ മാത്രം) രൂപയും, 'കെസ്റ്റ' പദ്ധതി പ്രകാരം 4,19,800/- രൂപയും (നാല് ലക്ഷത്തി പത്തൊൻപതിനായിരത്തി എണ്ണൂറ് രൂപ മാത്രം), മൾട്ടി പർപ്പസ് /ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 2,80,000/- രൂപ (രണ്ട് ലക്ഷത്തി എൺപതിനായിരം രൂപ മാത്രം) രൂപയും, 'കൈവല്യ' പദ്ധതി പ്രകാരം 42,50,000/- രൂപ (നാൽപത്തിരണ്ട് ലക്ഷത്തി അൻപതി നായിരം രൂപ മാത്രം) രൂപയും സബ്സിഡി അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷ കാലയളവിൽ അടിമാലി ടൗൺ എംപ്ലോയ്മെന്റ് ഓഫീസ് മുഖേന 'ശരണ്യ' പദ്ധതി പ്രകാരം 40,50,000/- (നാൽപ്പത് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) രൂപയും, 'കെസ്റ്റ' പദ്ധതി പ്രകാരം 3,00,000/- (മൂന്ന് ലക്ഷം രൂപ മാത്രം) രൂപയും, മൾട്ടി പർപ്പസ്/ജോബ് ക്ലബ്ബ് പദ്ധതി പ്രകാരം 1,55,798/- (ഒരു ലക്ഷത്തി അൻപത്തി അയ്യായിരത്തി എഴുന്നൂറ്റി തൊണ്ണൂറ്റി എട്ട് രൂപ മാത്രം) രൂപയും, 'കൈവല്യ' പദ്ധതി പ്രകാരം 16,25,000/- (പതിനാറ് ലക്ഷത്തി ഇരുപത്തി അയ്യായിരം രൂപ മാത്രം) രൂപയും സബ്സിഡി അനുവദിച്ചിട്ടുണ്ട്. സ്വയംതൊഴിൽ പദ്ധതി പ്രകാരം നൽകിയ തുക ഉപഭോക്താക്കൾ മികച്ച രീതിയിൽ സംരംഭം നടത്തി സബ്സിഡി ഒഴികെയുള്ള പദ്ധതി തുക തവണകളായി ഇടുക്കി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, അടിമാലി ടൗൺ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നീ കാര്യാലയങ്ങളിൽ തിരിച്ചടക്കുന്നുണ്ട്. പദ്ധതികൾ വിജയിപ്പിക്കുന്നതിന് ആവശ്യമായ മാർഗ്ഗനിർദ്ദേശവും ഈ ഓഫീസുകളിൽ നിന്നും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ